# പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം
## (ചോദ്യോത്തരങ്ങൾ ഒഴികെ)

2007 മാർച്ച് 16, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### ശ്രദ്ധക്ഷണിക്കൽ

(1) പലിശക്കുടിശ്ശിക എഴുതിത്തള്ളിയത് ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ കെ. ശിവദാസൻ നായർ: കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച കാർഷിക പാക്കേജ് പദ്ധതിക്ക് കേന്ദ്ര ബഡ്ജറ്റിൽ 17,000 കോടി രൂപ വകയിരുത്തുകയും ആദ്യം കേരളത്തിലെ 3 ജില്ലകളെ ഉൾപ്പെടുത്തുകയും പിന്നീട് 2 ജില്ലകളെക്കൂടി ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.. എന്നാൽ ഈ പദ്ധതി പ്രകാരം 2006 ജൂലൈ മാസം ഒന്നാം തീയതി വരെയുള്ള കാർഷിക വായ്പയുടെ പലിശയും കൂട്ടുപലിശയും എഴുതിത്തള്ളുക, ജലസേചനത്തിനുവേണ്ടി പണം ചെലവഴിക്കുക, മൃഗ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രത്യേക പദ്ധതി നടപ്പാക്കുക തുടങ്ങിയവ യ്ക്കായി കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം നേടിയെടുക്കാനുള്ള

ആസൂത്രിതമായ ഒരു പരിശ്രമവും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. കേന്ദ്ര വിഹിതം ലഭ്യമാക്കി പ്രസ്തുത ജില്ലകളിൽ മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനും കർഷകർ എടുത്ത കടത്തിന്റെ പലിശയും കൂട്ടുപലിശയും എഴുതിത്തള്ളിയതിന്റെ ക്ലെയിം കേന്ദ്ര ഗവൺമെന്റിന് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച കാർഷിക പാക്കേജ് പദ്ധതിയിൽ പാലക്കാട്, കാസർഗോഡ്, വയനാട് ജില്ലകൾക്കായി 765.24 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. പലിശ എഴുതിത്തള്ളുന്നതിനുവേണ്ടി നൽകിയിട്ടുള്ള. 360 കോടി രൂപയുടെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കണം. 3 വർഷമായി നടപ്പാക്കേണ്ട ഈ പദ്ധതിക്കായി 60 കോടി രൂപ ഇത്തവണത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 1.50 കോടി രൂപ പ്രധാനമന്ത്രിയുടെ പ്രത്യേക ഫണ്ടിൽ നിന്നും ഈ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഏറ്റവും ദുരിതമനുഭവിക്കുന്ന കർഷക കുടുംബങ്ങൾക്ക് വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കും വേണ്ടിയുള്ളതാണിത്. അതിന്റെ ചെലവഴിക്കൽ പ്രക്രിയ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ജലസേചനം, മൃഗസംരക്ഷണം, കൃഷി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങളും സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും യോഗങ്ങൾ നടത്തി പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കാനുള്ള നടപടികളും ആലപ്പുഴ, ഇടുക്കി ജില്ലകളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന നടപടിക്രമങ്ങളും അവസാന ഘട്ടത്തിലാണ്. ഷെഡ്യൂൾ ബാങ്കുകൾ എഴുതിത്തള്ളിയ പലിശക്കുടിശ്ശിക റിസർവ്വ് ബാങ്കും മേഖലാ

ഗ്രാമീണ ബാങ്കുകളും സഹകരണ ബാങ്കുകളും എഴുതിത്തള്ളിയ പലിശക്കുടിശ്ശിക നബാർഡുമാണ് പരിശോധിച്ച് കണക്ക് തയ്യാറാക്കുന്നത്. ഇതിൻപ്രകാരം എഴുതിത്തള്ളിയ തുക എത്രയാണെന്നുള്ളതിന്റെ കണക്ക് സംസ്ഥാന സർക്കാരിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് എഴുതിത്തള്ളിയ പലിശക്കുടിശ്ശിക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും ക്ലെയിം വരുന്നതനുസരിച്ച് ബഡ്ജറ്റിൽ തുക ലഭ്യമാക്കി നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതുമാണ്.

### (2) ഗുണനിലവാരമുള്ള മരുന്നുകൾ ന്യായവിലയ്ക്ക് വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. വി.എസ്. സുനിൽ കുമാർ: കേരളത്തിലെ ഔഷധ വ്യാപാര രംഗത്ത് നടക്കുന്ന ചൂഷണങ്ങൾമൂലം രോഗികൾക്ക് ഗുണനിലവാരമുള്ള മരുന്നുകൾ ന്യായവിലയ്ക്ക് ലഭിക്കാനുള്ള അവസരം നിഷേധിക്കപ്പെടുന്നു. ഇന്ത്യയിൽ വിറ്റഴിക്കുന്ന മരുന്നുകളുടെ 13 ശതമാനവും കേരളത്തിലാണ് വിറ്റഴിക്കുന്നത്. സാധാരണക്കാരായ രോഗികൾക്ക് ന്യായവിലയ്ക്ക് ലഭ്യമാകേണ്ട മരുന്നുകൾ ലഭിക്കുവാനുള്ള സംവിധാനങ്ങൾ കേരളത്തിൽ കുറവാണ്. പൊതു വിതരണമേഖലയെ തകർക്കുന്നതിനായി നീതി സ്റ്റോറുകൾക്കും മറ്റുമെതിരെ കേരളത്തിലെ മൊത്തവ്യാപാര സംഘടന ഉപരോധമേർപ്പെടുത്തിയിരിക്കുകയാണ്. നിയമാനുസൃതമായ രജിസ്ട്രേഷനുള്ള കമ്പനികൾ പോലും ആൾ കേരള കെമിസ്റ്റ്സ് ആന്റ് ഡ്രഗിസ്റ്റ്സ് അസോസ്സിയേഷൻ എന്ന സംഘടനയ്ക്ക് ഒരു നിശ്ചിത തുക അടച്ചാൽ മാത്രമേ ലിസ്റ്റിലുൾപ്പെടുത്തി കേരളത്തിൽ മരുന്ന് വിൽക്കാൻ സാധിക്കൂ എന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. സൈനിക ആശുപത്രിയിൽ

ഇത്തരത്തിൽ മരുന്ന് വില കുറച്ചു കൊടുത്തു എന്നതിന്റെ പേരിൽ ഒരു കമ്പനിക്കെതിരെ ഈ സംഘടന ഉപരോധം ഏർപ്പെടുത്തിയിരുന്നു. ഈ സംഘടനയ്ക്കെതിരായ നിയമനടപടികൾ സ്വീകരിക്കുന്നതോടൊപ്പം കേരളത്തിലെ ആരോഗ്യ വകുപ്പ്, സംസ്ഥാന ഫാർമസി കൗൺസിൽ, മാവേലി/നീതി സ്റ്റോറുകൾ എന്നിവയെ സമന്വയിപ്പിച്ചുകൊണ്ട് സർക്കാർ തലത്തിൽ പ്രൊഫഷണൽ രീതിയിൽ മരുന്ന് വിതരണത്തിനുള്ള സെൻട്രൽ പർച്ചേസിംഗ് സംവിധാനം മെച്ചപ്പെടുത്തണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> ഡ്രഗ് പ്രൈസസ് കൺട്രോൾ ഓർഡറനുസരിച്ച് 77 മരുന്നുകൾക്കു മാത്രമേ ഇപ്പോൾ വിലനിയന്ത്രണം ബാധകമായിട്ടുള്ളൂ. വിലനിയന്ത്രണം ബാധകമല്ലാത്ത മുപ്പതിനായിരത്തോളം മരുന്നുകൾക്ക് നിർമ്മാതാവിന് വില നിശ്ചയിക്കാവുന്നതാണ്. ബ്രാൻഡഡ് അല്ലാത്ത മരുന്നുകളിലും ചില്ലറ വിൽപന രേഖപ്പെടുത്തിയിരിക്കുന്നതുമൂലം മെഡിക്കൽ ഷോപ്പുകാരും ആശുപത്രികളും ലാഭം കൊയ്യുകയാണ്. മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്ന സ്റ്റേറ്റ് ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതാണ്. ആൾ കേരള കെമിസ്റ്റ്സ് ആന്റ് ഡ്രഗഗിസ്റ്റ്സ് അസോസ്സിയേഷൻ എന്ന സംഘടന തങ്ങളുടെ അധികാര പരിധി ലംഘിക്കുന്നതായി ഡ്രഗ്സ് കൺട്രോളറുടെ റിപ്പോർട്ടുണ്ട്. അധികാരപരിധി ലംഘിക്കുന്ന പല കമ്പനികൾക്കുമെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഈ സംഘടനയ്ക്കെതിരെ യാതൊരുവിധ നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. പുതിയ ഫാർമസി കൗൺസിൽ നിലവിൽ വന്നതിന്റെയടിസ്ഥാനത്തിൽ മരുന്നു സംഭരണവും

വിതരണവും ഫലപ്രദവും സുതാര്യവും അഴിമതിരഹിതവുമായി നടത്താനുള്ള ഒരു സംവിധാനമുണ്ടാക്കുന്നതാണ്.

## സബ്മിഷൻ

(1) രമ്യാ ജോർജ്ജിന് ജോലി നൽകേണ്ടത് സംബന്ധിച്ച്

ശ്രീ. കെ. സി ജോസഫ് : വിവാഹാഭ്യർത്ഥന നിരസിച്ചതിനെത്തുടർന്ന് ബാംഗ്ളൂരിൽ നഴ്സായി ജോലി ചെയ്തിരുന്ന രമ്യാ ജോർജ്ജിനെ ഒരു തമിഴ് യുവാവ് ആക്രമിക്കുകയും കൈപ്പത്തി വെട്ടിമുറിക്കുകയും ചെയ്തു. ചികിത്സയ്ക്ക് 3 ലക്ഷം രൂപ ആവശ്യമാണ്. നിർദ്ധന കുടുംബമായതിനാൽ ഇവർക്ക് സാമ്പത്തിക സഹായം കൊടുക്കുന്നതിനും സംസ്ഥാന സർവ്വീസിൽ ഒരു ജോലി നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): വിവാഹാഭ്യർത്ഥന നിരസിച്ചതിനെത്തുടർന്ന് ബാംഗ്ളൂരിലെ മലയാളി നഴ്സായ ശ്രീമതി രമ്യാ ജോർജ്ജിന്റെ കൈപ്പത്തി ആക്രമണത്തിൽ അറ്റുപോയ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. അത് പരിശോധിച്ച് കർശന നടപടി സ്വീകരിക്കുന്നതാണ്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം നൽകുന്ന കാര്യവും വികലാംഗർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ നൽകുന്ന കാര്യവും പരിശോധിക്കുന്നതാണ്.

(2) വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് പെൻഷൻ

ശ്രീ. രാജാജി മാത്യു തോമസ് : സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന എണ്ണൂറോളം വരുന്ന ശാസ്ത്രജ്ഞർക്ക് പെൻഷൻ നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കേരള ശാസ്ത്ര–സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ആറ് ശാസ്ത്ര–സാങ്കേതിക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ധനകാര്യ വകുപ്പിൽനിന്നും വിരമിച്ച അഡീഷണൽ സെക്രട്ടറി ശ്രീ. രാമചന്ദ്ര പണിക്കരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചാലുടൻ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

## (3) കുട്ടികൾക്കെതിരെയുള്ള ആക്രമണങ്ങൾ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: കുട്ടികൾക്കെതിരെയുള്ള ആക്രമണങ്ങൾ നടത്തുന്നവർക്ക് ശിക്ഷ ലഭ്യമാക്കാനുതകുന്ന രീതിയിൽ സമഗ്രമായ നിയമനിർമ്മാണം നടത്തണം. ജുവനൈൽ ഹോം, ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം തുടങ്ങിയ സ്ഥലങ്ങളിൽ കുട്ടികൾ പീഡനം അനുഭവിക്കുകയാണ്. ഗവൺമെന്റ് രൂപീകരിച്ച ഇൻസ്പെക്ഷൻ കമ്മിറ്റി മാസത്തിലൊരിക്കൽ ഈ സ്ഥാപനങ്ങൾ സന്ദർശിച്ച് കാര്യങ്ങൾ റിപ്പോർട്ട് ചെയ്യണം. ജുവനൈൽ ജസ്റ്റീസ് ബോർഡും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും എല്ലാ ജില്ലകളിലും രൂപീകരിക്കണം. ചിൽഡ്രൻസ് ആക്ട് നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കുട്ടികൾക്കെതിരെയുള്ള ആക്രമണങ്ങൾ തടയുന്നതിനും തെരുവു കുട്ടികളേയും ബാലവേലയിൽ നിന്ന് മോചിപ്പിച്ച കുട്ടികളേയും പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജുവനൈൽ

ജസ്റ്റീസ് ബോർഡും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും എല്ലാ ജില്ലകളിലും രൂപീകരിക്കുന്നതാണ്. ചിൽഡ്രൻസ് ഹോമുകൾ, ഒബ്സർവേഷൻ ഹോമുകൾ, സ്പെഷ്യൽ ഹോമുകൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെയർമാൻമാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റി രൂപീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. 10 ജില്ലകളിൽ ഇപ്പോൾ ചൈൽഡ് ലൈൻ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ല സമ്പൂർണ്ണ ബാലഭിക്ഷാടന നിരോധിത ജില്ലയായി പ്രഖ്യാപിച്ചുകഴിഞ്ഞു. ജുവനൈൽ ആക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി 450 സബ് ഇൻസ്പെക്ടർമാർക്ക് സാമൂഹ്യക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പരിശീലനവും നൽകിയിട്ടുണ്ട്. ബാലനീതി നിയമം നടപ്പാക്കാനും പോലീസ് ട്രെയിനിംഗിൽ ജുവനൈൽ ജസ്റ്റീസ് ആക്ട്, പ്രൊട്ടക്ഷൻ ഓഫ് വിമെൻ ഫ്രം ഡൊമസ്റ്റിക് വയലൻസ് ആക്ട് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്താനും കുട്ടികളുടെ സംരക്ഷണത്തിന് ചുമതലപ്പെടുത്തിയ സന്നദ്ധ സംഘടനകളുടേയും സംരക്ഷണ ഭവനങ്ങളുടേയും ലിസ്റ്റ് ഓരോ പോലീസ് സ്റ്റേഷനിലും ലഭ്യമാക്കാനും ഓരോ ജില്ലയിലും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ ചുമതലയിൽ ജില്ലാതല ജുവനൈൽ സ്പെഷ്യൽ പോലീസ് യൂണിറ്റിന്റെ അവലോകന യോഗം എല്ലാ മാസവും വിളിച്ചുചേർക്കാനും തീരുമാനിച്ചിട്ടുണ്ട്. അന്യ സംസ്ഥാനത്തുനിന്നും കുട്ടികളെ ഭിക്ഷാടനത്തിനായി കൊണ്ടുവരുന്ന സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും

ചൈൽഡ്‌ലൈൻ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനും നെറ്റ്‌വർക്കിന്റെ സഹായത്തോടെ മിസ്സിംഗ് ചൈൽഡ് ബ്യൂറോ എല്ലാ ജില്ലകളിലും പ്രവർത്തിപ്പിക്കുന്നതിനും അനധികൃതമായി കുട്ടികളെ പാർപ്പിക്കുന്ന അനാഥാലയങ്ങൾക്കെതിരെ ഓർഫനേജ് ആക്ട് അനുസരിച്ച് പോലീസ് കേസ്സെടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(4) നഴ്സ്-പാരാമെഡിക്കൽ സ്റ്റാഫുകളുടെ നിയന്ത്രണം

ശ്രീ. രാജു എബ്രഹാം: മെഡിക്കൽ കോളേജുകളിലെ നഴ്സ്-പാരാ മെഡിക്കൽ സ്റ്റാഫുകളുടെ നിയന്ത്രണം ഡി.എം.ഇ.യുടെ കീഴിലാക്കേണ്ടത് സംബന്ധിച്ച് എസ്റ്റിമേറ്റ്സ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഇപ്പോൾ മെഡിക്കൽ കോളേജുകളുടെ ഭരണം ഡി.എം.ഇ.-യ്ക്കും നഴ്സ്-പാരാമെഡിക്കൽ സ്റ്റാഫുകളുടെ നിയമനം ഡി.എം.ഒ.- യ്ക്കുമാണ്. ഇത് അടിയന്തിരമായി പുന:ക്രമീകരിച്ച് നിയമനവും നിയന്ത്രണവും ഡി.എം.ഇ.യുടെ കീഴിലാക്കണം. ഇവരുടെ പ്രൊമോഷൻ, ട്രാൻസ്ഫർ, സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവയ്ക്ക് പരിപൂർണ്ണ സംരക്ഷണം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ദ്വിതല നിയന്ത്രണം അവസാനിപ്പിക്കണമെന്ന എസ്റ്റിമേറ്റ്സ് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ, നഴ്സുമാരുടേയും പാരാ മെഡിക്കൽ സ്റ്റാഫിന്റേയും സാമ്പത്തിക ആനുകൂല്യങ്ങൾക്കോ സ്റ്റാറ്റസിനോ മറ്റു കാര്യങ്ങൾക്കോ യാതൊരു തടസ്സവും വരാതെ രണ്ട് ഡിപ്പാർട്ടുമെന്റുകളായി മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിപ്പിക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സംഘടനക

ളുമായി ചർച്ച നടത്തിയിട്ടുണ്ട്. കൂടാതെ ടീച്ചിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ജോലി ചെയ്യുന്നവരേയും അതാത് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ കൊണ്ടുവരണമെന്നും മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ നിർദ്ദേശം തന്നിട്ടുണ്ട്.

(5) മട്ടാഞ്ചേരിയിലെ കുടിവെള്ളക്ഷാമം

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: പൈപ്പുവെള്ളത്തെ മാത്രം ആശ്രയിക്കുന്ന ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി പ്രദേശത്തെ ജനങ്ങൾ കുടിവെള്ളക്ഷാമംമൂലം ബുദ്ധിമുട്ടുകയാണ്. മട്ടാഞ്ചേരിയിലെ ഡി.എഫ്.ഐ.ഡി. പദ്ധതിയിൽ സോൺ – 1 ഉൽഘാടനം ചെയ്യുകയും സോൺ – 3 മൂന്ന് മാസത്തിന് മുമ്പ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സോൺ 2-ന്റെയും 4-ന്റെയും പണികൾ ആരംഭിച്ചിട്ടില്ല. വേനൽക്കാലമായതുകൊണ്ട് പമ്പിംഗും കുറവാണ്. പമ്പിംഗ് കൂടുതലാക്കി മട്ടാഞ്ചേരി ഭാഗത്ത് വെള്ളമെത്തിക്കാനും. തൽക്കാലം ടാങ്കറുകളിൽ കുടിവെള്ളം എത്തിക്കാനും ഈ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാനുമുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ): ഇക്കാര്യത്തിൽ നടന്ന അവലോകന യോഗത്തിൽ സോൺ 2-ന്റെയും 4- ന്റെയും പണികൾ പൂർത്തിയാക്കുന്നതിന് തടസ്സം നിൽക്കുന്ന കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുകയും ബദൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പണി പൂർത്തിയാക്കിയ സോൺ 3-ന്റെ ട്രയൽ റൺ നടത്താനുള്ള വെള്ളം പെരുമാനൂരിൽ നിന്ന് പമ്പ് ചെയ്ത് വിടാനുള്ള

ലഭ്യതക്കുറവാണ് പ്രധാനപ്പെട്ട സാങ്കേതിക തടസ്സം. കൊച്ചി–ഹഡ്കോ പദ്ധതി ജൂൺ മാസത്തിൽ കമ്മീഷൻ ചെയ്തുകഴിഞ്ഞാലുടൻ ഡി.എഫ്.ഐ. ഡി. പദ്ധതിയുടെ സോൺ – 3 കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സമയബന്ധിതമായി ബാക്കി പണികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ടാങ്കറുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി ജില്ലാ കളക്ടറേറ്റുകളിൽ അഞ്ച് കോടി രൂപ ജില്ലകൾക്കായി നൽകിയിട്ടുണ്ട്.

(6) കാഷ്യു കോർപ്പറേഷനിൽ നിന്നും കാപ്പെക്സിൽ നിന്നും വിരമിക്കുന്നവർക്ക് ഗ്രാറ്റുവിറ്റി

ശ്രീ. കോവൂർ കുഞ്ഞുമോൻ: കാഷ്യു കോർപ്പറേഷൻ, കാപ്പെക്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നും 1998 മുതൽ വിരമിച്ച തൊഴിലാളികൾക്ക് ഇതുവരെ ഗ്രാറ്റുവിറ്റി ലഭിച്ചിട്ടില്ല. മാനുഷിക പരിഗണന അർഹിക്കുന്ന, അതീവ ഗുരുതരമായ ഈ പ്രശ്നം കണക്കിലെടുത്ത് സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പകുതിപേർക്കെങ്കിലും ഗ്രാറ്റുവിറ്റി കൊടുക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): കാഷ്യു കോർപ്പറേഷൻ, കാപ്പെകസ് എന്നിവിടങ്ങളിൽ നിന്നും 1998 മുതൽ വിരമിച്ചവർക്ക് ഇതുവരെ ഗ്രാറ്റുവിറ്റി കൊടുത്തിട്ടില്ല. ഗ്രാറ്റുവിറ്റി കൊടുക്കാനുള്ള സാമ്പത്തിക സ്ഥിതി ഈ സ്ഥാപനങ്ങൾക്കില്ല. ഈ പൊതുമേഖലാ സ്ഥാപനവും സഹകരണസ്ഥാപനവും പ്രവർത്തനക്ഷമ മാക്കുന്നതിനുള്ള മൂലധനം ബാങ്കുകൾവഴി ലഭ്യമാക്കി രണ്ട് വർഷത്തെ

കുടിശ്ശികയെങ്കിലും കഴിയുന്നതും വേഗം കൊടുത്തുതീർക്കാൻ പരിശ്രമിക്കുന്നതാണ്.

(7) കൗമാര വിദ്യാഭ്യാസ പദ്ധതി

ശ്രീ. കെ.സി. വേണുഗോപാൽ: കൗമാര വിദ്യാഭ്യാസത്തിന്റെ പേരിൽ വിദ്യാഭ്യാസവകുപ്പ് നൽകിയിരിക്കുന്ന മോഡ്യൂളിൽ വളരെ അപകീർത്തികരമായ പഠനരീതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിന്റെ തനതായ സംസ്ക്കാരവും അവബോധവും പശ്ചാത്തലവുമാണ് വിദ്യാഭ്യാസത്തിന്റെ നിലവാരത്തിലും ഒരു പരിധിവരെ പുലർത്തുന്നത്. സാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ടുള്ള ശാസ്ത്രീയ വിദ്യാഭ്യാസ സമ്പ്രദായങ്ങളെ സദാചാര രീതിയിൽ പഠിപ്പിക്കുന്നതിന് മാർഗ്ഗങ്ങളുണ്ടോ എന്ന് പരിശോധിക്കണം. സദാചാര-സാംസ്ക്കാരികമൂല്യങ്ങളെ കാറ്റിൽ പറത്തിക്കൊണ്ട് സെക്സ് വിദ്യാഭ്യാസത്തിന്റെ മറവിൽ നീലവ്യവസായം നടത്തുന്നതിനുതകുന്ന വിധത്തിലുള്ള പഠനരീതിയെ അനുകൂലിക്കാൻ കഴിയില്ല. യൂണിസെഫിന്റെ പരിപാടി എന്നപേരിൽ വിദ്യാഭ്യാസവകുപ്പ് ഇതിനെ പ്രോത്സാഹിപ്പിക്കുന്നത് ഗുരുതരമായ പ്രത്യാഘാതത്തിന് വഴി തെളിക്കും. ഈ പഠനരീതി അവസാനിപ്പിച്ച് വിദ്യാർത്ഥികൾക്കും സാംസ്ക്കാരിക പാരമ്പര്യങ്ങൾക്കും ദോഷകരമാകാത്ത രീതിയിൽ ഈ വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കൗമാര വിദ്യാർത്ഥികളെ അജ്ഞതയിൽ നിറുത്തിയാലുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ശാസ്ത്രീയമായ ഒരു കൗമാര പഠനപദ്ധതി വികസിപ്പിച്ചെടുക്കാനുള്ള പരിശ്രമമാണ് ഈ

പഠനരീതിയിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. 2002-03-ൽ കണ്ണൂർ, വയനാട്, കാസർകോട്, മലപ്പുറം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലാണ് ഈ പഠനപരിപാടി ആരംഭിച്ചത്. കേന്ദ്ര മാനവ വിഭവശേഷിവകുപ്പും ദേശീയ എയ്ഡ്സ് നിയന്ത്രണ കൗൺസിലും മറ്റു വകുപ്പുകളും ചേർന്ന് തയ്യാറാക്കിയ മോഡ്യൂൾ ആണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാധ്യമങ്ങളിൽ ഇതുസംബന്ധിച്ച ആശങ്കകൾ പ്രകടിപ്പിച്ചിരുന്നതുകൊണ്ട് വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് കരിക്കുലം കമ്മിറ്റി പരിശോധിച്ച് വനിതകളെക്കൂടി പങ്കെടുപ്പിച്ച് ശിൽപ്പശാല നടത്തി പരിഷ്ക്കരിച്ച മോഡ്യൂൾ അടിസ്ഥാനമാക്കി മാത്രമേ ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുള്ളു.

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): വാൽസ്യായനന്റെ കാമസൂത്രം കൊത്തിവയ്ക്കാത്ത ഒരൊറ്റ അമ്പലവുമില്ല. ഒരൊറ്റ ദൈവത്തിനും ഉടുതുണിയില്ല.

## ക്രമപ്രശ്നം

### മതവികാരത്തെ വൃണപ്പെടുത്തുന്ന പരാമർശം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :ദൈവങ്ങളേയും മതവിശ്വാസവും ദൈവവിശ്വാസവുമുള്ളവരേയും ആക്ഷേപിക്കുന്ന കേരളത്തിലെ വലിയൊരു ജനസമൂഹത്തിന്റെ മതവികാരത്തെ വൃണപ്പെടുത്തുന്ന ശ്രീ. എ. കെ. ബാലന്റെ പദപ്രയോഗം ഈ സഭയ്ക്ക് ഉൾക്കൊള്ളാൻ കഴിയുന്നതല്ല. അദ്ദേഹം അത് പിൻവലിച്ച് മാപ്പ് പറയണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): ദൈവവിശ്വാസികളെയോ ദൈവഭക്തിയുമായി ബന്ധപ്പെട്ട

കാര്യത്തെയോ അപമാനിക്കാൻ ഞാൻ ഒരു വാക്കും പറഞ്ഞിട്ടില്ല. എന്റെ പരാമർശം ദൈവങ്ങൾക്ക് എതിരാണെന്നു തോന്നുന്നുവെങ്കിൽ അത് പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഒരു സമൂഹത്തിന്റെ ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട വിശ്വാസങ്ങളെ വൃണപ്പെടുത്തുന്ന പരാമർശം പിൻവലിച്ചാൽ മാത്രം പോര. അതിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ട് മാപ്പ് പറയണം.

## റൂളിംഗ്

മി. സ്പീക്കർ: പറഞ്ഞ കാര്യങ്ങൾ പിൻവലിക്കുക എന്നുപറയുന്നത് ക്ഷമാപണത്തിന് തുല്യം തന്നെ. അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം പിൻവലിച്ചു.

(ശ്രീ. എ.കെ. ബാലൻ നടത്തിയ പരാമർശത്തിൽ ഖേദം പ്രകടിപ്പിച്ച് മാപ്പുപറയാത്തതിൽ പ്രതിഷേധിച്ച് ശ്രീ. ജി. കാർത്തികേയൻ, ശ്രീ. സി.ടി.അഹമ്മദ് അലി, ശ്രീ. സി. എഫ്. തോമസ് എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തുകയും പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറ ത്തു പോകുകയും അൽപസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാ കുകയും ചെയ്തു.)

## സബ്മിഷൻ (തുടർച്ച)

(8) പേരാമ്പ്ര പ്ളാന്റേഷനിലേയ്ക്കുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചക്കിട്ടപ്പാറ പഞ്ചായത്തിൽ, പ്ലാന്റേഷൻ കോർപ്പറേഷനിലേയ്ക്കുള്ള

റോഡിന്റെ അറ്റകുറ്റപ്പണികൾ എത്രയും വേഗം നടത്തി ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിൽപ്പെട്ടതും ചക്കിട്ടപ്പാറ പഞ്ചായത്തിലെ നിവാസികൾ ഉപയോഗിച്ചുവരുന്നതുമായ പെരുവണ്ണാമൂഴി മുതൽ പേരാമ്പ്ര എസ്റ്റേറ്റ് ഓഫീസ് വരെയുള്ള 9 കിലോമീറ്റർ റോഡ് പേരാമ്പ്ര എസ്റ്റേറ്റിന്റെ പരിധിക്ക് പുറത്താണ്. ഈ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ നിർദ്ദേശങ്ങൾ അടങ്ങിയ നിവേദനം 2007 മാർച്ച് 24-ന് ചേരുന്ന പ്ലാന്റേഷൻ കോർപ്പറേഷന്റെ യോഗത്തിൽ പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. റോഡിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന് കൈമാറണമെന്ന നിർദ്ദേശം ആവശ്യമെങ്കിൽ പരിഗണിക്കുന്നതായിരിക്കും.

(9) വർക്കല-കല്ലമ്പലം റോഡിന്റെ അറ്റകുറ്റപ്പണികൾ

ശ്രീ. വർക്കല കഹാർ : പൈപ്പ്ലൈനുകൾ പൊട്ടിയതുമൂലം തകർന്ന വർക്കല-കല്ലമ്പലം റോഡിന്റെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുകയും ഇപ്പോൾ നടക്കുന്ന റോഡ് പണികൾ എത്രയും വേഗം പൂർത്തിയാക്കുകയും ചെയ്യണം. നിലവാരം കുറഞ്ഞ പൈപ്പുകൾ റോഡ്സൈഡിൽ കുഴിച്ചിടുന്നതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി.യു. കുരുവിള) : വർക്കല-കല്ലമ്പലം റോഡിനടിയിൽ കിടന്നിരുന്ന ജലവിതരണ പൈപ്പുകൾ റോഡ്

സൈഡിലേയ്ക്ക് മാറ്റിയിടുന്ന വാട്ടർ അതോറിറ്റിയുടെ നടപടിമൂലമാണ് അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നിരിക്കുന്നത്. പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ആവശ്യമായ തുക വാട്ടർ അതോറിറ്റി ഇതുവരെ പൊതുമരാമത്തു വകുപ്പിന് കൈമാറിയിട്ടില്ല. എത്രയും വേഗം വർക്കല–കല്ലമ്പലം റോഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതാണ്.

(10) വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ

ശ്രീ. എം.വി. ശ്രേയാംസ് കുമാർ : കൂടുതൽ ഹയർസെക്കന്ററി സ്കൂളുകൾ അനുവദിച്ചും ഹയർസെക്കന്ററി സ്ക്കൂളുകളിലും കോളേജുകളിലും പുതിയ കോഴ്സുകളും ബാച്ചുകളും അനുവദിച്ചും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തും മേപ്പാടി ഗവണ്മെന്റ് പോളീടെക്നിക്കിലെ ഒഴിവുകൾ നികത്തിയും വയനാട് ജില്ലയിലെ കൽപ്പറ്റ നിയോജകമണ്ഡ ലത്തിലെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സ്കൂളുകളുടെ അപ്ഗ്രഡേഷൻ, പുതുതായിട്ട് ഹൈസ്കൂളുകൾ, ഹയർ സെക്കന്ററിയോ വൊക്കേഷണൽ ഹയർ സെക്കന്ററിയോ സ്കൂളുകൾ അനുവദിക്കൽ എന്നിവയെക്കുറിച്ച് പരിശോധിക്കുന്നതിനായി ഗവണ്മെന്റ് നിയോഗിച്ച കമ്മിറ്റി ഓരോ പ്രദേശത്തി ന്റേയും ഓരോ മണ്ഡലത്തിന്റേയും പിന്നോക്കാവസ്ഥകൂടി പരിശോധിച്ചു കൊണ്ട് സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ കൽപ്പറ്റ മണ്ഡലത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. പോളിടെക്നിക്കുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയതോടുകൂടി പരിഹാരമായി.

കോളേജ് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യത്തിൽ ഉടൻതന്നെ നിലവിൽ വരാൻപോകുന്ന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുന്നതാണ്.

(11) <u>അടഞ്ഞുകിടക്കുന്ന കമ്പനികൾ തുറക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. എ. എം. യൂസഫ്</u>: എറണാകുളം ജില്ലയിലെ ഇൻഡാൽ, പെരുമ്പാവൂർ റയോൺസ്, ചാക്കോളാസ് സ്പിന്നിംഗ് മിൽ, അശോകാ ടെക്സ്റ്റയിൽസ്,. സൗത്ത് ഇൻഡ്യൻ വെയർഹൗസിംഗ് എന്നീ കമ്പനികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ. എളമരം കരീം</u>): എറണാകുളം ജില്ലയിലെ ഇൻഡാൽ, പെരുമ്പാവൂർ റയോൺസ്, ചാക്കോളാസ് സ്പിന്നിംഗ് മിൽ, അശോകാ ടെക്സ്റ്റയിൽസ്, സൗത്ത് ഇൻഡ്യൻ വെയർഹൗസിംഗ് എന്നീ കമ്പനികൾ കുറേക്കാലമായി അടഞ്ഞുകിടക്കുന്നതുമൂലം അവിടത്തെ തൊഴിലാളികളും അവരുടെ കുടുംബങ്ങളും നിത്യവൃത്തിക്കുപോലും വകയില്ലാതെ ബുദ്ധിമുട്ടുകയാണ്. ഇവരെക്കൂടാതെ പരോക്ഷമായി ഈ കമ്പനികളെ ആശ്രയിച്ചുകഴിയുന്ന തൊഴിലാളികളും ധാരാളം ക്ലേശങ്ങൾ അനുഭവിക്കുന്നുണ്ട്.. ഇൻഡാൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി കമ്പനിയുടെ മാനേജുമെന്റുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ചർച്ച നടത്തുകയും പ്രശ്ന പരിഹാരത്തിനുള്ള നിർദ്ദേശം സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. പെരുമ്പാവൂർ റയോൺസും സൗത്ത് ഇൻഡ്യൻ വെയർഹൗസിംഗ് കമ്പനിയും തുറന്നുപ്രവർത്തിപ്പിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചുവന്ന പ്രൊമോട്ടർമാരുമായുള്ള ചർച്ചകൾ പുരോഗമിച്ചു വരികയാണ്. അശോകാ ടെക്സ്റ്റയിൽസ് തുറന്നുപ്രവർത്തിപ്പിക്കുന്നതിന്

മാനേജുമെന്റുമായും ട്രേഡ് യൂണിയൻ പ്രതിനിധികളുമായും പല തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്.

(12) പുറംപോക്കിൽ താമസിക്കുന്നവർക്ക് പട്ടയം

ശ്രീ. ബി.ഡി. ദേവസ്സി: ചാലക്കുടി നിയോജകമണ്ഡലത്തിലെ റവന്യൂ, വനം, എക്സ് സർവ്വീസ്മെൻ കോളനി, പുളിയിലപ്പാറ കെ.എസ്.ഇ.ബി. കോളനി, ആദിവാസി മേഖലകൾ, മേച്ചിൽപ്പുറങ്ങൾ, പി.ഡബ്ല്യു.ഡി. ഇറിഗേഷൻ കനാൽ, പുഴ, കുളം, തോട് എന്നീ പുറംപോക്കുകളിൽ താമസിക്കുന്നവർക്ക് എത്രയും വേഗം പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): മേച്ചിൽപ്പുറം, കനാൽ, റോഡ്, തോട്, കുളം, പുഴ തുടങ്ങിയ പുറംപോക്കുകളിൽ താമസിക്കുന്നവർക്ക് നിലവിലുള്ള നിയമതടസ്സം ഒഴിവാക്കി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പുളിയിലപ്പാറയിലെ കുടുംബങ്ങൾ വനഭൂമിയിൽ താമസിക്കുന്നവരാണ്. വനഭൂമി പട്ടയത്തിനായി അപേക്ഷിച്ചിട്ടുള്ളവരുടെ സംയുക്ത പരിശോധന പൂർത്തിയായ ലിസ്റ്റ് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനായി വനംവകുപ്പിന് കൈമാറിയിട്ടുണ്ട്. അനുമതി ലഭിക്കുന്നതിനനുസൃതമായി ഇവർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കും. ആതിരപ്പിള്ളി പഞ്ചായത്തിലെ എക്സ് സർവ്വീസമെൻ കോളനിയിലെ താമസക്കാർക്ക് പട്ടയം ലഭിക്കുന്നതിനായുള്ള ഭൂമിപതിവ് നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. എത്രയും വേഗം ഇവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. 50-ാം വാർഷികം ആഘോഷിക്കുന്ന വേള

യിൽത്തന്നെ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും പട്ടയമേളകൾ നടത്തി പട്ടയം കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(13) വാദ്ധ്യാർ സമുദായനാമം ഗസറ്റിലും ഔദ്യോഗികരേഖകളിലും ചേർക്കേണ്ടതിന്റെ ആവശ്യകത

പ്രൊഫ. എൻ. ജയരാജ്: കേരളത്തിൽ വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്നതും വിളിക്കുന്നതുമായ ഈഴവാത്തി, കാവു തീയ്യ, കോമരം തുടങ്ങി ഇരുപത്തഞ്ചോളം സമുദായങ്ങൾ ഇപ്പോൾ വാദ്ധ്യാർ എന്ന പേരിൽ അറിയപ്പെടുന്നുവെങ്കിലും സ്കൂൾരേഖകളിലും മറ്റ് ഔദ്യോഗികരേഖകളിലും വ്യത്യസ്തമായി രേഖപ്പെടുത്തുന്നതിനാൽ ഈ സമുദായത്തിന് ലഭിക്കേണ്ട അർഹമായ സംവരണം നിഷേധിക്കപ്പെടുന്നു. വാദ്ധ്യാർ എന്ന ഔദ്യോഗിക സാമുദായിക നാമം അംഗീകരിക്കുന്നതിന് നിർദ്ദേശം കൊടുക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേരളത്തിൽ ഈഴവാത്തി, തീയ്യ, കാവു തിയ്യ, കോമരം തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നതും വിളിക്കപ്പെടുന്നതുമായ ഇരുപത്തഞ്ചോളം സമുദായങ്ങൾ വാദ്ധ്യാർ എന്ന പൊതുനാമത്തിലാണ് അറിയപ്പെടുന്നത്. സംസ്ഥാന സർക്കാരിന്റെ മറ്റ് പിന്നോക്ക സമുദായങ്ങളുടെ ലിസ്റ്റിലും കേന്ദ്ര ഗവണ്മെന്റിന്റെ പിന്നോക്ക സമുദായങ്ങളുടെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ള സമുദായങ്ങളാണ് ഈഴവാത്തി തീയ്യയും കാവു തീയ്യയും. ഈ സമുദായങ്ങളെ പ്രാദേശികമായി വിളിക്കുന്ന വിളിപ്പേരുകളാണ് കോമരം, വാദ്ധ്യാർ തുടങ്ങിയവ. മേൽപറഞ്ഞ സമുദായങ്ങൾക്ക് മറ്റ്

പിന്നോക്ക സമുദായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ഇപ്പോൾ ലഭിക്കുന്നുണ്ട്. എന്നാൽ കോമരം, വാദ്ധ്യാർ തുടങ്ങിയ വിളിപ്പേരുകളുള്ള സമാനവിഭാഗങ്ങളെക്കുറിച്ചുള്ള വിവരങ്ങളോ പഠനറിപ്പോർട്ടുകളോ ഇപ്പോൾ ലഭ്യമല്ല. പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ കാവുതീയ സമുദായത്തെ 33-ാം നമ്പരായും ഈഴവാത്തി-തീയ്യ സമുദായത്തെ 17-ാം നമ്പരായും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാദ്ധ്യാർ വിഭാഗത്തെ പ്രത്യേക സമുദായമായി ഉൾപ്പെടുത്തിയിട്ടില്ല. ഇതുസംബന്ധിച്ച് കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് ആവശ്യപ്പെടുന്നതും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(14) <u>താനൂരിൽ ആർട്സ് ആന്റ് സയൻസ് കോളേജ്</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ഉന്നതവിദ്യാഭ്യാസരംഗത്തും സാമൂഹ്യവും വിദ്യാഭ്യാസപരവുമായും പിന്നിൽ നിൽക്കുന്ന താനൂർ നിയോജകമണ്ഡലത്തിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u> ഉടനെ നിലവിൽ വരുന്ന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ കൂടി അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് കോളേജ് വിദ്യാഭ്യാസ രംഗത്തിന്റെ വ്യാപനം സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. ശാസ്ത്രീയ പഠനത്തെ ആസ്പദമാക്കി ഓരോ മണ്ഡലത്തിന്റേയും പിന്നോക്കാവസ്ഥയും പ്രത്യേകതയും കണക്കിലെടുത്ത്, ഗവണ്മെന്റിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് എത്രയുംവേഗം വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് തീരുമാനമെടുക്കുന്നതാണ്.

(15) അങ്കമാലി ടെൽക്കിന്റെ പുനരുദ്ധാരണം

ശ്രീ. ജോസ് തെറ്റയിൽ: അങ്കമാലി ടെൽക്കിന്റെ പുനരുദ്ധാരണം എൻ.ടി.പി.സി.യുമായി സഹകരിച്ച് ഒരു സംയുക്ത സംരംഭമായി തുടരാനുള്ള ചർച്ചകൾ നടക്കുന്നുവെങ്കിലും വ്യക്തമായ രൂപം വന്നിട്ടില്ലാത്തതിനാൽ തൊഴിലാളികൾക്കിടയിലുള്ള ആശങ്ക ഒഴിവാക്കുന്നതിന് അടിയന്തിരമായും എൻ.ടി.പി.സി.യുമായുള്ള ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): അങ്കമാലി ടെൽക്ക് എൻ.ടി.പി.സിയുമായി ചേർന്ന് സംയുക്ത സംരംഭം ആരംഭിക്കുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പിടുകയും വിവിധതലങ്ങളിൽ ചർച്ചകൾ നടത്തുകയും ടെൽക്ക് പ്രതിനിധികളും എൻ.ടി.പി.സി. പ്രതിനിധികളും ഉൾപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് സംയുക്തസംരംഭത്തെ സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സംയുക്ത സംരംഭത്തിലുണ്ടായ ധാരണയുടെ അടിസ്ഥാനത്തിലുള്ള ഓഹരിയുടെ അനുപാതത്തിൽ കമ്പനിയുടെ വികസനത്തിനായി മൂലധനനിക്ഷേപം നടത്താനും ബാക്കി ആവശ്യമായ തുക കടമായി സമാഹരിക്കാനുമാണ് ധാരണയായത്. തുടർന്ന് ടെൽക്ക് പ്രതിനിധികളും ട്രേഡ് യൂണിയൻ പ്രതിനിധികളും വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി ടെൽക്ക് എൻ.ടി.പി.സി.യുമായി ചേർന്ന് സംയുക്ത സംരംഭം രൂപീകരിക്കാനുള്ള നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചു. പുതിയ സംയുക്ത കമ്പനി രൂപീകരിക്കുമ്പോൾ ടെൽക്കിൽ ഇപ്പോഴുള്ള മുഴുവൻ തൊഴിലാളികളും സംരക്ഷിക്കപ്പെടും. കമ്പനി വിപുലീകരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യുമ്പോൾ കൂടുതൽ തൊഴിലവസരങ്ങളുണ്ടാകും. ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ടെൽക്കിനെ

ലോകനിലവാരമുള്ള കമ്പനിയായി വികസിപ്പിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. സംയുക്ത വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്തുണ്ടാക്കിയ തീരുമാനങ്ങൾ എൻ.ടി.പി.സി.യുടെ ഡയറക്ടർ ബോർഡ് അംഗീകരിച്ചുകഴിഞ്ഞാൽ സംയുക്ത കമ്പനി രൂപീകരണം എത്രയുംവേഗം പൂർത്തീകരിക്കാനാവും.

## റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

### ക്രമപ്രശ്നം

സഭ സമ്മേളിക്കുമ്പോൾ എം.എൽ.എ മാർ പങ്കെടുക്കേണ്ട സമിതികൾ യോഗം കൂടുന്നതു സംബന്ധിച്ച്

ശ്രീ. വി.ഡി. സതീശൻ: സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ മന്ത്രിമാരും എം.എൽ.എ മാരും ജില്ലാ കളക്ടർമാരും ഉദ്യോഗസ്ഥരും പങ്കെടുക്കേണ്ട സമിതികൾ യോഗങ്ങൾ വിളിക്കുന്നത് ശരിയായ നടപടിക്രമമാണോയെന്ന് വ്യക്തമാക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പൊതുവിൽ ശ്രദ്ധിക്കേണ്ട കാര്യമാണ് ഇവിടെ ഉന്നയിച്ചത്. ഇതിനെക്കുറിച്ച് കക്ഷിനേതാക്കന്മാർ ഉൾപ്പെടെയുള്ളവരുമായി ആലോചിക്കേണ്ടതാണ്.

## റൂളിംഗ്

മി. സ്പീക്കർ: നിയമസഭാസമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ ചില പ്രത്യേക സന്ദർഭങ്ങളിൽ പ്രത്യേക അനുമതിയോടുകൂടി സബ്ജക്ട് കമ്മിറ്റികൾ കൂടാറുണ്ട്. അല്ലാതെ കൂടുന്നത് അനുവദനീയമല്ല. അതുപോലെ ജില്ലകളിൽ എം.എൽ.എ.മാർ പങ്കെടുക്കേണ്ട യോഗങ്ങളും നിയമസഭാ സമ്മേളനം നടക്കുമ്പോൾ കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങനെ കൂടുന്നത് ശരിയല്ല. എം.എൽ.എ മാരുടെ സൗകര്യം കൂടി കണക്കിലെടുത്തു വേണം അത്തരം യോഗങ്ങൾ കൂടാൻ എന്ന് നിർദ്ദേശം നൽകുന്നതാണ്.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

## റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2006-ലെ കേരള ജലവിഭവ സംരക്ഷണ പരിപാലന ബിൽ

ശ്രീ. സാജു പോൾ: 2006-ലെ കേരള ജലവിഭവ സംരക്ഷണ പരിപാലന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ : പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): കേരള നിയമസഭ ഇതിനകം പാസ്സാക്കിയ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 -ഉം അമെന്റ്മെന്റ് ആക്ട് 2006-ഉം ആയി ബന്ധപ്പെട്ടതാണ് ഈ ബിൽ. വളരെ കാലികപ്രസക്തമായ പ്രശ്നങ്ങളാണ്

ഈ ബില്ലിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്.. കേരളത്തിലെ ജലാശയങ്ങളുടേയും തണ്ണീർത്തടങ്ങളുടേയും, തോടുകൾ മുതലായ ജല നിർഗ്ഗമന മാർഗ്ഗങ്ങളുടേയും സ്വാഭാവിക ചതുപ്പുകളുടേയും നദികളുടേയും പാടശേഖരങ്ങളുടേയും സംരക്ഷണം ഉറപ്പുവരുത്താൻ ഒരു ഏകീകൃത ജലവിഭവ സംരക്ഷണ പരിപാലന നിയമം നടപ്പിലാക്കണമെന്നാണ് പ്രധാനമായും നിർദ്ദിഷ്ട ബില്ലിലെ ആവശ്യം. 2003-ലെ കേരള ഇറിഗേ ഷൻ ആന്റ് വാട്ടർ റിസർവേഷൻ ആക്ടിൽ ജലവിഭവ സ്രോതസ്സുകളുടെ സംരക്ഷണത്തിനും ജല വിതരണത്തിനും പരിപാലനത്തിനും പരിപോഷണത്തിനും ഉദ്ദേശിക്കുന്ന കാര്യങ്ങൾ വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ജലദുർവിനിയോഗം തടയുന്നതിനുള്ള വകുപ്പുകളും ഇതിൽ ഉൾക്കൊണ്ടിട്ടുണ്ട്. അതുപോലെ ചെക്ക് ഡാമുകളുടേയും റിസർവോയറുകളുടേയും 500 മീറ്ററിനുള്ളിൽ വരുന്ന പ്രദേശത്തുനിന്ന് മണൽ വാരുന്നത് ഈ ആക്ടിലെ വ്യവസ്ഥമൂലം നിരോധിച്ചിട്ടുണ്ട്. ജലത്തിന്റെ ഉപയോഗവും വിതരണവും കൃഷിക്കാവശ്യമായ നദികളിലെ എല്ലാവിധ നിർമ്മാണപ്രവർത്തനങ്ങളും ഫലപ്രദമായി ഈ ആക്ടുവഴി നിയന്ത്രിച്ചിട്ടുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട ജലത്തിന്റെ ഉപയോഗവും മറ്റ് കാര്യങ്ങളും ആക്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. സ്വകാര്യ കുളങ്ങൾ പാടശേഖരങ്ങൾ, കണ്ടൽക്കാടുകൾ എന്നിവയുടെ കാര്യത്തിൽ നിലവിലുള്ള ലാന്റ് യൂട്ടിലിറ്റി ആക്ടിന്റെ വകുപ്പുകൾ പര്യാപ്തമാണ്. നദീതടങ്ങളെ ആസ്പദമാക്കിക്കൊണ്ടുള്ള സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നതിനാ വശ്യമായ കരട് ബിൽ നിർമ്മാണഘട്ടത്തിലാണ്. നദീതടാടിസ്ഥാന ത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കണമെന്നുള്ളത് 15-ാം

പഞ്ചവൽസരപദ്ധതിയിലെ പ്രധാനപ്പെട്ട വിഷയമാണ്. നദികളുടെ സമ്പൂർണ്ണ പരിരക്ഷ ഉറപ്പുവരുത്തുക എന്ന സദുദ്ദേശത്തോടുകൂടി മണൽവാരൽ നിയന്ത്രിക്കുന്നതിനും അനിയന്ത്രിതമായ കടന്നുകയറ്റം നിരോധിക്കുന്നതിനും മാലിന്യനിക്ഷേപം ഉൾപ്പെടെയുള്ള കാര്യങ്ങൾ നിരോധിക്കുന്നതിനും പര്യാപ്തമായ അധികാര അവകാശങ്ങളോടു കൂടിയുള്ള ഒരു അതോറിറ്റി സംസ്ഥാനാടിസ്ഥാനത്തിലും നദീതടാടിസ്ഥാനത്തിലും രൂപീകരിക്കുക എന്നതാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. മാലിന്യനിക്ഷേപം, അനധികൃതമായ കൈയേറ്റം, മണലൂറ്റ്, നദികളുടെ പരിരക്ഷ തുടങ്ങിയ എല്ലാ അധികാരാവകാശങ്ങളും ഉൾക്കൊള്ളുന്നതായിരിക്കും നിർദ്ദിഷ്ട റിവർ ബെയ്സിൻ അതോറിറ്റി. ഇവിടെ അവതരണാനുമതി തേടിയ ബില്ലിന്റെ വ്യവസ്ഥകളിൽ പറഞ്ഞിട്ടുള്ളതും ജലവിഭവ നിയന്ത്രണ ബോർഡും റിവർ അതോറിറ്റികളും രൂപീകരിക്കുക എന്നതാണ്. സിവിൽ പ്രൊസീഡുവർ കോഡ് അനുസരിച്ച് സമൻ ചെയ്യാനുള്ള അധികാരത്തോടുകൂടിയ സ്റ്റാറ്റ്യൂട്ടറി പവറുള്ള ഒരു സമിതിയുണ്ടാക്കണമെന്നാണ്. ബോധവൽക്കരണംകൊണ്ട് മാത്രം ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാനാവില്ല. പൊതുവായ നയ രൂപീകരണ ത്തിന്റെ ആവശ്യമുണ്ട്. ഇത് ഏകോപിപ്പിക്കുക എന്നത് ഏറ്റവും പ്രധാനപ്പെട്ട താണ്. റിവർ ബെയ്സ്ഡ് അതോറിറ്റി ഉൾപ്പെടെ ഗവൺമെന്റ് കൊണ്ടുവരാൻ പോകുന്ന നിയമനിർമ്മാണത്തിന് ഇവിടെ വന്ന നിർദ്ദേശങ്ങൾ സഹായക മാകും. ഒരു ബിൽ അവതരിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ ബില്ലിന് അവതരണാനുമതി നൽകേണ്ട ആവശ്യമില്ല.

<u>ശ്രീ. സാജുപോൾ</u>: ഇത്തരം ഒരു ബിൽ അവതരിപ്പിക്കാൻ അവസരം ലഭിച്ചതിന് നന്ദിയുണ്ട്. ഈ വർഷം രൂക്ഷമായ വരൾച്ചയും ജലക്ഷാമവുമു

ണ്ടാകുമെന്നാണ് നിഗമനം. വെള്ളം, വൈദ്യുതി. എന്നീ കാര്യങ്ങളുമായി ബന്ധമുള്ള സുപ്രധാന ബില്ലിനാണ് അവതരണാനുമതി തേടിയത്. കേരളത്തിൽ 3000 മില്ലീമീറ്റർ മഴ ശരാശരി ലഭിക്കുന്നതിൽ 92 ശതമാനവും ദിവസങ്ങൾക്കകം കടലിൽ എത്തിച്ചേരുകയോ മറ്റ് രീതിയിൽ പാഴായിപ്പോവുകയോ ചെയ്യുന്നു. ആകെ 72000 ദശലക്ഷം ക്യുബിക് മീറ്റർ വെള്ളം ലഭിക്കുമ്പോൾ അതിന്റെ ഏഴര ശതമാനം മാത്രമാണ് സംഭരിക്കാൻ കഴിയുന്നത്. സ്വാഭാവിക ജലസ്രോതസ്സുകൾ, നീർച്ചാലുകൾ ഒക്കെ ഉപയോഗപ്പെടുത്തിയുള്ള ജലസംഭരണത്തെക്കുറിച്ച് വിപുലമായ പ്രചരണം ആവശ്യമാണ്. 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ബിൽ നിലവിൽ വന്നുവെങ്കിലും ജല സംരക്ഷണം നടക്കുന്നില്ല. 2001-ൽ നദീ തീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും ബിൽ പാസ്സാക്കിയെങ്കിലും മണൽ മാഫിയ വളർന്നുവെന്നത് ഒഴിച്ചാൽ മണൽ സമ്പത്ത് സംരക്ഷിക്കാനായിട്ടില്ല. 2002–ലെ കേരള ഭൂജലം നിയന്ത്രണവും ക്രമീകരണവും ബില്ലിന്റെ അടിസ്ഥാനത്തിൽ ഡാം സേഫ്റ്റി അതോറിറ്റി കുറേ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ ഒരു സമഗ്ര ജലനയം ഇപ്പോഴും ഇല്ല. ജില്ലാ അടിസ്ഥാനത്തിൽ രൂപവൽക്കരിക്കുന്നതായിരിക്കണം നദീതട വികസന അതോറിറ്റി. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അതാത് ജില്ലാ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് റിവർ അതോറിറ്റികൾ രൂപീകരിക്കണം. ഇപ്രകാരം രൂപീകരിക്കുന്ന അതോറിറ്റി അതത് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിക്ക് രൂപം നൽകി അവരുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കണം. ജനപങ്കാളിത്തത്തോടുകൂടി നദീതട വികസന

അതോറിറ്റിയുടെ പ്രവർത്തനവും നീർത്തടാധിഷ്ഠിത വികസനവും ലക്ഷ്യം വച്ചുകൊണ്ട് മുന്നോട്ടുപോകണം. നദികൾ അടിസ്ഥാനമാക്കി ജലജില്ലകൾ രൂപീകരിച്ച് ഉദ്യോഗസ്ഥർക്ക് ചുമതല നൽകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): റിവർ മാനേജുമെന്റ് ഫണ്ടിൽ കൂടുതൽ സംഖ്യ ഉൾപ്പെടുത്തി നദികളുടെ സംരക്ഷണത്തിന് ഉപയോഗിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. എം.എൽ.എ.മാർ നല്ല പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കണം. നദികളുടെ സംരക്ഷണത്തിന് ഈ ഫണ്ട് ഉപയോഗിക്കുമെന്ന് ഉറപ്പുവരുത്തണം.

ശ്രീ. സാജു പോൾ: റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുകൊണ്ട് നദീതീരസംരക്ഷണം ഉറപ്പുവരുത്തുന്നതിന് എം.എൽ.എ.മാരുടെ നിർദ്ദേശം കൂടി പരിഗണിക്കണം. സ്വാഭാവിക നീർച്ചാലുകൾ, തോടുകൾ എല്ലാം ഇന്ന് നശിക്കുകയാണ്. നിലവിലുള്ള നിയമത്തിൽ ജലസേചനാവശ്യത്തിനുള്ള ഫീൽഡ് ചാനലുകൾ വെട്ടുന്നതിന് മാത്രമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അധികാരം കൊടുത്തിട്ടുള്ളത്. ഇതുകൂടി ഉൾപ്പെടുത്തിയാൽ പരിസ്ഥിതി തകിടം മറിക്കാതെ നിലനിർത്താൻ കഴിയും. ഇന്ന് കുന്നുകളെല്ലാം വെട്ടിനിരത്തി ജലസംഭരണി തകർക്കുകയാണ്.

(ചർച്ച തുടരും)

## (2) 2007-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

ശ്രീ. സി.ടി. അഹമ്മദ് അലി: 2007–ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി, നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുജവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഈ ബില്ലിനെ അനുകൂലിക്കുന്നില്ല. സദുദ്ദേശപരമായി കൊണ്ടുവന്ന ഒരു സ്വകാര്യ ബില്ലാണിത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ധാരാളം ഭേദഗതികൾ ഇതിനോടകം വന്നുകഴിഞ്ഞു. ചില ഭേദഗതികൾ ബില്ലുകളായി നിലനിൽക്കുന്നുണ്ട്; ചില ഭേദഗതികൾ സംസ്ഥാന സർക്കാരിന്റെ പരിശോധനയിലിരിക്കുകയാണ്. അവ പരിശോധിച്ചശേഷം ഒരു നിയമം കൊണ്ടുവരേണ്ടതുണ്ടെങ്കിൽ അതിന് മുൻകൈയെടുക്കുന്നതാണ്.

ശ്രീ. സി.ടി. അഹമ്മദ് അലി: 13 വർഷമായി പഞ്ചായത്ത് പുറമ്പോക്ക് ഭൂമികളിൽ താമസിക്കുന്നവർക്ക് ആശ്വാസം നൽകുന്നതിനാണ് ഈ ഭേദഗതി ബില്ലിന് അവതരണാനുമതി തേടിയത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 279 (2)-ന് വേണ്ടത്ര വ്യക്തത ഇല്ലാത്തതിനാൽ പഞ്ചായത്ത് വക പുറമ്പോക്ക് ഭൂമി പതിച്ചുനൽകാൻ കഴിയാതെ വന്നത് വളരെ പ്രശ്നം സൃഷ്ടിച്ചിരിക്കുകയാണ്. സെക്ഷൻ 279 (2)-ൽ പുറം പോക്ക് ഭൂമിപതിച്ചുനൽകുന്ന കാര്യത്തിൽ സർക്കാരോ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ എന്നുപറയുന്നതല്ലാതെ ഉദ്യോഗസ്ഥൻ ആരെന്ന് വ്യക്തമായി പറയുന്നില്ല. എന്നാൽ 1960-ലെ പഞ്ചായത്ത് മാനുവലിൽ ഈ അധികാരം ജില്ലാ കളക്ടർക്ക് നൽകിയിരുന്നുവെന്ന് വ്യക്തമായി പറയുന്നുണ്ട്. ആക്ടിലെ പോരായ്മ പരിഹരിക്കാൻ ഭേദഗതി അംഗീകരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്നത് ജില്ലാകളക്ടറായി മാറ്റണം. 1994 മുതൽ പഞ്ചായത്ത് ഭൂമി പതിച്ചു നൽകുന്നതിൽ അനിശ്ചിതത്വം നിലനിൽക്കുകയാണ്. രണ്ടു മൂന്നു സെന്റ് ഭൂമി കൈവശമുള്ള പാവപ്പെട്ടവർക്ക് പട്ടയമോ റേഷൻ കാർഡോ മറ്റ് ബി.പി.എൽ. ആനുകൂല്യമോ ലഭിക്കുന്നില്ല. 1994-ൽ പഞ്ചായത്ത്രാജ് നിയമം പാസ്സാക്കിയതിന്റെ ഫലമായിട്ടാണ് ഇൻഡ്യയിലെ ഏറ്റവും നല്ല പഞ്ചായത്ത് രാജ് സംവിധാനമുള്ള സംസ്ഥാനമായി കേരളം മാറിയത്. 13 വർഷമായി അനുഭവിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരം കാണാനായി ഈ ഭേദഗതി ബിൽ അംഗീകരിക്കണം.

(ചർച്ച തുടരും)

(3). 2006-ലെ ഇൻഡ്യൻ തെളിവ് ആക്ട് (സംസ്ഥാന ഭേദഗതി) ബിൽ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 2006-ലെ ഇൻഡ്യൻ തെളിവ് ആക്ട് (സംസ്ഥാന ഭേദഗതി) ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: പ്രമേയത്തെ പിൻതാങ്ങുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. ഇൻഡ്യൻ എവിഡൻസ് ആക്ടിൽ ഭേദഗതി വരുത്തണമെന്ന ഈ സ്വകാര്യ ബിൽ വളരെ പ്രാധാന്യമുള്ളതാണ്. ഇൻഡ്യൻ എവിഡൻസ് ആക്ടിൽ ഭേദഗതി കൊണ്ടുവരുന്നതിന് ഇൻഡ്യൻ ഭരണഘടനയുടെ 254-ാം അനുച്ഛേദം രണ്ടാം ഖണ്ഡപ്രകാരം ഇൻഡ്യൻ

പ്രസിഡന്റിന്റെ മുൻകൂർ അനുവാദം വാങ്ങണം. ഇക്കാര്യം നിയമവകുപ്പും ബന്ധപ്പെട്ട വകുപ്പുകളും പരിശോധിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ഇല്ലാത്ത സാഹചര്യത്തിൽ ഈ ബിൽ അംഗീകരിക്കാൻ കഴിയില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: പോലിസ് സ്റ്റേഷനിൽ വച്ച് നടക്കുന്ന മരണവും പീഡനങ്ങളും വളരെ വേദനാജനകമാണ്. പോലീസ് സ്റ്റേഷനിൽ വച്ച് ഒരു വ്യക്തിക്ക് പീഡനമോ മരണമോ സംഭവിച്ചാൽ അതു തെളിയിക്കാൻ സാക്ഷികളെ കിട്ടാത്ത സ്ഥിതിയാണുള്ളത്. അതിനാൽ മരണം സംഭവിച്ചത് പോലീസിന്റെ മർദ്ദനം കൊണ്ടല്ല എന്ന് തെളിയിക്കേണ്ടതിന്റെ ഉത്തരവാദിത്വം പോലീസ് ഓഫീസർക്ക് നൽകണം. പോലീസ് സ്റ്റേഷനിൽ വച്ച് ഒരാൾക്ക് മർദ്ദനമുണ്ടായാൽ പോലീസ് ഓഫീസർ അതിന്റെ കാരണം തെളിയിക്കാത്തിടത്തോളം കാലം അതിനുത്തരവാദി പോലീസ് ഓഫീസർ തന്നെയാണെന്ന് കോടതി അനുമാനിക്കുമെന്ന ലാ കമ്മീഷന്റെ റെക്കമെന്റേഷൻ ഗവണ്മെന്റ് ഗൗരവമായി കാണുകയും ഒരു പ്രമേയം മുഖേന അത് നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം. പോലീസ് കസ്റ്റഡിയിലുള്ള പീഡനങ്ങളും കൊലപാതകങ്ങളും കൂടിവരുന്ന സാഹചര്യത്തിൽ, ബ്രിട്ടീഷ് ഭരണകാലത്തുണ്ടായിരുന്ന പോലീസ് മാനുവലും ചട്ടങ്ങളും ഇപ്പോഴും തുടരുന്ന സ്ഥിതിക്ക് മാറ്റമുണ്ടാകണം.

(ചർച്ച തുടരും)

## (4). 2007-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 2007-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: പ്രമേയത്തെ പിൻതാങ്ങുന്നു.

മുഖ്യമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. ലോക് ആയുക്തയ്ക്ക് അഡ്ജൂഡിക്കേറ്ററി അധികാരം നൽകണമോ വേണ്ടയോ എന്നത് നയപരമായൊരു പ്രശ്നമാണ്. ഇതു സംബന്ധിച്ച് ഒരു ഉന്നതതലയോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയിരുന്നു. ലോക് ആയുക്തയ്ക്ക് സ്വമേധയാ കേസ്സെടുക്കാനുള്ള അധികാരം നൽകുക, അഡ്ജൂഡിക്കേറ്ററി അധികാരങ്ങൾ നൽകുക എന്നിങ്ങനെ രണ്ട് രീതിയിലുള്ള ഭേദഗദികൾ ആ ചർച്ചയിൽ വന്നു. അക്കാര്യം സർക്കാർ പരിശോധിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. കൂടാതെ ലോക് ആയുക്തയുടെ രജിസ്ട്രാറും സർക്കാരിന് മുമ്പിൽ ചില നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ലോക് ആയുക്തയ്ക്ക് ജനാധിപത്യ നീതിന്യായനിർവ്വഹണത്തിൽ ധാരാളം പങ്കുള്ള സാഹചര്യത്തിൽ, ഈ ആവശ്യങ്ങളെല്ലാം സർക്കാരിന്റെ പരിശോധനയിലാണ്. ആ സന്ദർഭത്തിൽ ഇത്തരമൊരു ഭേദഗതി ബില്ലിന് പ്രസക്തിയില്ലെന്നാണ് ഗവണ്മെന്റിന്റെ അഭിപ്രായം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളനുസരിച്ചാണ് ലോക് ആയുക്ത ആക്ട് വന്നത്. സാധാരണക്കാർക്ക് അഡ്മിനിസ്ട്രേറ്റീവ് മെഷീനറിയിലേയ്ക്ക് പ്രവേശനം

നൽകുക എന്നുള്ളതാണ് പ്രധാനം. ലോക് ആയുക്തയ്ക്ക് വിധി പ്രഖ്യാപിക്കുകയല്ലാതെ അത് നടപ്പാക്കാനുള്ള സംവിധാനമില്ലാത്ത നിലയാണ് ഇപ്പോഴുള്ളത്. അതിനാൽ ലോക് ആയുക്തയ്ക്ക് വിധി പ്രഖ്യാപിക്കാനും അത് നടപ്പാക്കാനുള്ള അധികാരവും അവകാശവും കൊടുക്കണം.

(ചർച്ച തുടരും)

(5) 2006-ലെ കേരള പണം കടംകൊടുപ്പുകാർ (ഭേദഗതി) ബിൽ.

ശ്രീ. പി. ജയരാജൻ: 2006-ലെ കേരള പണം കടംകൊടുപ്പുകാർ (ഭേദഗതി) ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ.സി. മൊയ്തീൻ: പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. കേരള മണിലെൻഡേഴ്സ് ആക്ട്, 1952-നുള്ള ഭേദഗതി നിർദ്ദേശങ്ങൾ എന്ന നിലയിലുള്ള ബില്ലാണ് ഇവിടെ കൊണ്ടുവന്നത്. നിലവിലുള്ള കേരള മണി ലെൻഡേഴ്സ് ആക്ടിന് പരിമിതികളുണ്ട്. അതിന് മാറ്റം വരേണ്ടത് അനിവാര്യമാണ്. കേരളപ്പിറവിയുടെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന സന്ദർഭത്തിൽ നടപ്പാക്കിയ നിയമങ്ങളെക്കുറിച്ച് വിശദമായ പരിശോധന നടത്തേണ്ട ചരിത്രപരമായ സന്ദർഭമാണിത്. നിയമങ്ങളാകെ പരിശോധിച്ചുകൊണ്ടുള്ള ഒരു പരിഷ്ക്കരണം ഇവിടെ അനിവാര്യമായ സാഹചര്യത്തിൽ ഒരു Law Reforms Commission കേരളത്തിൽ

രൂപീകരിച്ച് ഈ വർഷം തന്നെ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് സർക്കാരും ധനകാര്യവകുപ്പും നിയമ വകുപ്പും പരിശോധിച്ച് കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങളിൽനിന്ന് നിക്ഷേപം സ്വീകരിക്കുകയും പണം കടം കൊടുക്കുകയും ചെയ്യുന്നതിന് നിലവിലുള്ള നിയമത്തിന്റെ പരിധിയിൽ വരുന്ന ധനകാര്യ സ്ഥാപനങ്ങൾക്കുമേൽ ഫലപ്രദമായ നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാരിനിപ്പോൾ പരിമിതികളുണ്ട്. ഈ വസ്തുതകളെല്ലാം വച്ചുകൊണ്ട് ഇതിന്റെ പോരായ്മ പരിഹരിച്ച് " Kerala Protection of Deposits and Regulation of Money Lenders Bill " എന്ന നിലയിലുള്ള ഒരു നിയമനിർമ്മാണത്തിന് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്.

ശ്രീ. പി. ജയരാജൻ: സർക്കാർ ഒരു നിയമ പരിഷ്ക്കാര കമ്മീഷൻ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചതിൽ സന്തോഷമുണ്ട്. ഈ കമ്മീഷന്റെ ശുപാർശകൾ സമൂഹ പുരോഗതിയെ ഉദ്ദേശിച്ചുള്ളതായിരിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന നിയമ പരിഷ്കാര കമ്മിറ്റിക്കെതിരെ ശക്തമായ എതിർപ്പാണ് വന്നിട്ടുള്ളത്. പുരോഗമനപരമായ ഒരു പരിഷ്ക്കാരവും ഇല്ലാത്ത കമ്മിറ്റിയാണത്. കാലഹരണപ്പെട്ട നിയമങ്ങൾ കാലത്തിനനുസരിച്ച് മാറ്റി പുതിയ നിയമങ്ങൾ നിർമ്മിക്കേണ്ടത് ആവശ്യമാണ്. ഈ ബില്ലിലെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഒരു സമഗ്ര നിയമം കൊണ്ടുവരുന്നതിൽ സന്തോഷമുണ്ട്. പണം കടം കൊടുക്കുന്ന ബ്ലേഡ് കമ്പനികൾപോലുള്ള ധനകാര്യ സ്ഥാപനങ്ങളുടെമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻവേണ്ടി ചില നടപടികൾ ഫലപ്രദമായി വന്നു കഴിഞ്ഞു. എന്നാൽ ശാസ്ത്ര-സാങ്കേതിക വികാസത്തിന്റെ നേട്ടങ്ങളും

വിവരവിജ്ഞാന രംഗങ്ങളും അടിസ്ഥാനപ്പെടുത്തി പട്ടണങ്ങളിൽ പുരോഗതി അവകാശപ്പെടുമ്പോഴും ഗ്രാമപ്രദേശങ്ങളിലെ കാർഷിക മേഖലയാകെ തകർച്ചയിലാണ്. ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം തിട്ടപ്പെടുത്താനുള്ള ശ്രമം ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. 1958-ലെ മണി ലെന്റേഴ്സ് ആക്ടിന് പലപ്പോഴായി ഭേദഗതി വന്നിട്ടുണ്ടെങ്കിലും നിയമവ്യവസ്ഥകൾ കർശനമായി നടപ്പിലാക്കാൻ സംവിധാനമില്ലാത്തതു കാരണം നിയമത്തിലെ പഴുതുകൾ ഉപയോഗപ്പെടുത്തി സ്വകാര്യ പണമിടപാടുകാർ നിക്ഷേപകരെ കൊള്ളയടിക്കുകയാണ്. ഒരു സ്വകാര്യ പണമിടപാട് സ്ഥാപനത്തിന് ബാങ്ക്/ബാങ്കേഴ്സ്/ബാങ്കർ എന്നീ പേരുകൾ ഉപയോഗപ്പെടുത്താൻ പാടില്ലെന്ന 2001-ലെ ബില്ലിലെ വ്യവസ്ഥ ഇപ്പോൾ അവതരിപ്പിച്ച ബില്ലിലും നിർദ്ദേശിച്ചിട്ടുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ നിഷ്ക്കർഷിക്കുന്ന പലിശനിരക്കുകൾക്ക് വിധേയമായിട്ടല്ല സ്വകാര്യ പണമിടപാടുകാർ വായ്പയെടുക്കുന്നവരിൽ നിന്ന് പലിശ ഈടാക്കുന്നത്. ഇത്തരത്തിൽ സ്വകാര്യപണമിടപാടുകാരുടെ കൊള്ളപ്പലിശയ്ക്കിരയായിട്ടാണ് വായ്പയെടുക്കുന്നവർ ആത്മഹത്യ ചെയ്യുന്നതെന്ന് തെളിയുന്നപക്ഷം ഇവരുടെ പേരിൽ കൊലക്കുറ്റത്തിന് കേസ്സെടുക്കണം.

(ചർച്ച തുടരും)

## (6) 2006-ലെ കേരള കുറി ഉപഭോക്തൃ സംരക്ഷണ മറ്റു പണമിടപാട് നിയന്ത്രണ ബിൽ

ശ്രീ. എം. ഹംസ: 2006-ലെ കേരള കുറി ഉപഭോക്തൃ സംരക്ഷണ മറ്റു പണമിടപാട് നിയന്ത്രണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ജയരാജൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. ഈ ബില്ലിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ 1975-ലെ കേരള ചിട്ടി ആക്ടിലും റൂൾസിലും ഉണ്ട്. കൂടാതെ '2007-ലെ കേരള പ്രൊട്ടക്ഷൻ ഓഫ് ഡെപ്പോസിറ്റ്സ് ആന്റ് റെഗുലേഷൻ ഓഫ് മണി ലെന്റേഴ്സ് ബിൽ' സംസ്ഥാന ഗവൺമെന്റിന്റെ പരിഗണനയിലുമാണ്. ഈ കാരണങ്ങളാൽ പ്രസ്തുത ബിൽ പരിഗണിക്കേണ്ടതില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. എം. ഹംസ: ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ സർക്കാർ നിയന്ത്രണത്തിന് വിധേയമാക്കാനുള്ള നിയമങ്ങൾ അപര്യാപ്തമാണെന്ന് ബന്ധപ്പെട്ട വകുപ്പുമന്ത്രി ചോദ്യോത്തരവേളയിൽ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. . നാഷണലൈസ്ഡ് ബാങ്കുകളിലെയും സഹകരണ ബാങ്കുകളിലെയും നിക്ഷേപകർക്ക് യഥാക്രമം റിസർവ് ബാങ്കും സംസ്ഥാന സർക്കാരും സെക്യൂരിറ്റി നൽകുമ്പോൾ സ്വകാര്യപണമിടപാടു സ്ഥാപനങ്ങളിലെ നിക്ഷേപകർക്ക് യാതൊരുവിധ സെക്യൂരിറ്റിയും ലഭിക്കുന്നില്ല.

(ചർച്ച തുടരും)

## (7) 2007-ലെ കേരള സ്വകാര്യ ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ ബിൽ

ശ്രീ. എം. ഹംസ: 2007-ലെ കേരള സ്വകാര്യ ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. പ്രസ്തുത ബില്ലിലെ ഉള്ളടക്കങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. .

ശ്രീ. എം. ഹംസ: 1986 മുതൽ 2004 വരെയുള്ള കാലഘട്ടമെടുത്തു നോക്കുമ്പോൾ 40 ശതമാനം വളർച്ചയാണ് സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളുടെ കാര്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മദ്രാസ് പബ്ളിക്ക് ഹെൽത്ത് ആക്ട്, ടാവൻകൂർ കൊച്ചിൻ പബ്ളിക്ക് ഹെൽത്ത് ആക്ട് തുടങ്ങിയ നിയമങ്ങളല്ലാതെ കേരളത്തിന് പ്രത്യേകമായി സ്വകാര്യ ആശുപത്രികളുടെ ഗുണനിലവാരം നോക്കാനുള്ള ഒരു നിയമമില്ല.

(ചർച്ച തുടരും)

## (8) 2006-ലെ കേരള മഹിളാ സ്വസ്ത് സംഘം ബിൽ

ശ്രീ. എം. മുരളി: 2006-ലെ കേരള മഹിളാ സ്വസ്ത് സംഘം ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനത്തിന് സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടാകുമെന്നതിനാൽ പ്രസ്തുത ബിൽ പരിഗണിക്കുന്നില്ല.

ശ്രീ. എം. മുരളി: 1987-ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധി രൂപം നൽകിയ ഈ സംഘത്തിന് കേന്ദ്രസർക്കാരിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നതാണ്. സംസ്ഥാന സർക്കാരിന് ഇതിനായി സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുകയില്ല.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

* * * * * * * * * * * * * * *